ഇരുചക്ര വാഹന യാത്രക്കാർ ഉപയോഗിക്കുന്ന ഹെൽമെറ്റിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നത് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ആണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഹെൽമെറ്റിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഇതുസംബന്ധിച്ച് കേരള സർക്കാർ ഉത്തരവുകൾ ഒന്നുംതന്നെ പുറത്തിറക്കിയിട്ടില്ല.

(ബി) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അനുശാസിക്കുന്ന നിലവാരത്തിലുള്ള ഹെൽമെറ്റുകൾ മാർക്കറ്റിൽ സുലഭമാണ്. അതിനാൽ ഇതിനായി പ്രത്യേക നടപടി ആവശ്യമില്ല.

(സി) ഇല്ല.

(ഡി) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ട്രോളിംഗ് നിരോധന കാലത്ത് ട്രോളിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സംവിധാനം

12 (*582) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന കാലത്ത് ട്രോളിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) നിരോധനമുള്ളതുകൊണ്ട് സംസ്ഥാനത്തു നിന്നുള്ള ബോട്ടുകൾ മത്സ്യബന്ധനം നടത്താതെ തീരം വിടുതിയിലാവുമ്പോൾ വിദേശ, അന്യസംസ്ഥാന യാനങ്ങൾ കേരളത്തിന്റെ മത്സ്യബന്ധനമേഖലയിൽ മീൻ പിടിക്കുന്നതായ പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(സി) ട്രോളിംഗ് നിരോധനംകൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ട്രോളിംഗ് നിരോധന കാലത്ത് 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ പട്രോളിംഗ് നടത്തുന്നത് കൂടാതെ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി തുടങ്ങിയ സ്ഥാപനങ്ങൾവഴി കടൽ പട്രോളിംഗും സുരക്ഷാ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) നടപടി സ്വീകരിക്കുന്നുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ കേരളത്തിൽ ടെറിട്ടോറിയൽ വാട്ടേഴ്സിൽ (12 നോട്ടിക്കൽ മൈൽ ദൂരം) മത്സ്യബന്ധനം നടത്തുന്ന അന്യസംസ്ഥാന യാനങ്ങളെ ഇംപൗണ്ട് ചെയ്യുകയും പെനാൽറ്റി ചുമത്തുകയും കണ്ടുകെട്ടുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രോളിംഗ്, മത്സ്യമുട്ടകളെയും, മത്സ്യക്കുഞ്ഞുങ്ങളെയും നശിപ്പിക്കുമെന്നതിനാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നത്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായ ജീവിത സാഹചര്യം ലഭ്യമാക്കുന്നതിനും മത്സ്യ സമ്പത്ത് സംരക്ഷിക്കുക, അമിതമത്സ്യ ചൂഷണം ഒഴിവാക്കുക, മത്സ്യമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, പ്രക്ഷുബ്ധമായ കടലിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുക എന്നിവയും ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളാണ്.

അനധികൃത പാറ-മണ്ണ് ഖനനം

13 (*583) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ് സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി പാറ-മണ്ണ് ഖനനം നടക്കുന്നതായുള്ള വാർത്തകൾ പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാരിസ്ഥിതികാനുമതി സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനങ്ങളോടുകൂടിയാണിവ നടക്കുന്നതെന്നറിയാമോ ;

(സി) നിയമവ്യവസ്ഥകൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അനധികൃത ധാതുഖനനത്തിൽ പാരിസ്ഥിതികാനുമതി വ്യവസ്ഥകളുടെ ലംഘനവും ഉൾപ്പെടുന്നുണ്ട്.

(സി) ഫലപ്രദമാണ്.

കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡേറ്റാബേസ്

14 (*584) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡേറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly